# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4923 24.07.2015 - ൽ മറുപടിക്ക്

## പൈപ്പ് പോളിസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൈപ്പ് പോളിസിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പൈപ്പ് പോളിസി 05/11/2013-ൽ നിലവിൽ വന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | മുൻകാലങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പുപൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തിരഞ്ഞെടുക്കുന്നതിന് ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗി ക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളെ യും ദോഷങ്ങളെയും പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തിരഞ്ഞെടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധന അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രകാരമാണ് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതി തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ